(ഇ) ഈ കാലയളവിൽ മണൽ ഖനനത്തിലൂടെ 56,22,750 രൂപയുടെ വരുമാനം ഉണ്ടായി.

(എഫ്) 2010-11 സാമ്പത്തിക വർഷത്തിൽ ഡാമുകളിൽ നിന്നും എക്കലും മണലും നീക്കം ചെയ്യുന്നതിന് കേരളാ സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷനെ താഴെപ്പറയുന്ന ഡാമുകളുടെ ചുമതല ഏൽപ്പിച്ചിട്ടുണ്ട്.

മലമ്പുഴ	പൂമല
ചുള്ളിയാർ	വാഴാണി
പീച്ചി	ലോവർ പെരിയാർ
വാളയാർ	പോത്തുണ്ടി
മീൻകര	പഴശ്ശി

സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട് കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

114 (5004) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിരുന്നത് ; പദ്ധതിയും എസ്റ്റിമേറ്റ് തുകയും എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചത് ; പദ്ധതിയുടെ പേരും ചെലവഴിച്ച തുകയും എത്രയാണെന്ന് വിശദമാക്കുമോ ;

(സി) പൂർത്തിയാക്കാത്ത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ - സി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

വാഴയൂർ കയം നന്നാക്കുന്ന നടപടി

115 (5005) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ 'വാഴയൂർ കയം' നന്നാക്കുന്നതിന് മൈനർ ഇറിഗേഷൻ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XIV-ൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ച പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര കോടിയുടേതാണ് പ്രസ്തുത പദ്ധതി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ - സി) 'വാഴയൂർ കയം' നന്നാക്കുന്നതിന് നബാർഡിന്റെ ധനസഹായം ലഭിക്കുന്നതിനായി ആർ.ഐ.ഡി.എഫ്. 14-ൽ ഉൾപ്പെടുത്തിയെങ്കിലും നബാർഡിന്റെ അംഗീകാരം ലഭിച്ചില്ല. തുടർന്ന് മലബാർ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും അംഗീകാരം നൽകാൻ കഴിഞ്ഞില്ല. പദ്ധതിക്ക് പഴയ എസ്റ്റിമേറ്റിൽ 1.15 കോടി രൂപയാണ് ചെലവ് പ്രതീക്ഷിച്ചിരുന്നത് ഇപ്പോൾ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള 'കുളങ്ങളുടേയും, ടാങ്കുകളുടേയും പുനരുദ്ധാരണം' എന്ന പദ്ധതിയിലുൾപ്പെടുത്തി പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

പുനൂർ പുഴയുടെ തീരസംരക്ഷണം

116 (5006) ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഒന്നാം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പൂനൂർ പുഴയുടെ തീരങ്ങളിൽ എവിടെയെല്ലാമാണ് തീര സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ഒന്നാം അസംബ്ളി നിയോജകമണ്ഡലത്തിൽ പൂനൂർ പുഴയിൽ മാളിക്കടവിൽ എം.എസ്.എസ്. സ്കൂളിനു സമീപം 55 മീറ്റർ നീളത്തിലും മാളിക്കടവ് പാലത്തിന് താഴെയായി 67 മീറ്റർ നീളത്തിലുമാണ് തീരസംരക്ഷണ പ്രവൃത്തികൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ആദ്യത്തെ പ്രവൃത്തി 30 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. രണ്ടാമത്തെ പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും പ്രവൃത്തി ആരും ഏറ്റെടുത്തിട്ടില്ല.

കനോലി കനാലിന് കുറുകെ നിർമ്മിക്കുന്ന പാലങ്ങൾ

117 (5007) ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കനോലി കനാലിന് കുറുകെ ഏതെല്ലാം സ്ഥലങ്ങളിലാണ് ജലവിഭവ വകുപ്പ് പാലങ്ങൾ നിർമ്മിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇതിൽ ഓരോ പാലത്തിന്റെയും പ്രവൃത്തി എന്നാണ് ആരംഭിച്ചതെന്നും എന്ന് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly